ശബരിമല മീഡിയ സെന്റർ , സന്നിധാനം

18/11/2026

സന്നിധാനത്ത് കൂടുതൽ ദിശാസൂചകങ്ങൾ വയ്ക്കും

സന്നിധാനത്ത്, പമ്പയിലേക്കുള്ള വഴി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ തീർത്ഥാടകർക്ക് സഹായകമാവുന്ന വിധം കൂടുതൽ ദിശാസൂചകങ്ങൾ വയ്ക്കുന്നതിന് വ്യാഴാഴ്ച ചേർന്ന ഉദ്യോഗസ്ഥരുടെ യോഗത്തിൽ തീരുമാനിച്ചു. അപ്പം ,അരവണ കൗണ്ടർ ഉള്ള ഭാഗത്ത് ഒരു ദിശയിലേക്ക് മാത്രം പോകേണ്ടയിടത്ത് തീർത്ഥാടകർ ഇരുദിശയിലേക്കും തിക്കിതിരക്കുന്ന സാഹചര്യമുണ്ട്. ഈ ഭാഗത്ത് ദിശാസൂചകം സ്ഥാപിക്കണമെന്ന് യോഗം നിർദ്ദേശിച്ചിട്ടുണ്ട്. കൗണ്ടറുകളിലും പ്രസാദം, രസീത് എന്നിവ വേർതിരിച്ചറിയാൻ അറിയിപ്പ് വയ്ക്കണം.വലിയ നട പന്തലിലെ ഡിജിറ്റൽ ഡിസ്പ്ലേകളിൽ വിവിധ ഭാഷകളിൽ ബോധവൽക്കരണ സന്ദേശങ്ങൾ നൽകാൻ നിർദ്ദേശിച്ചു. പി ആർ ഒ ഓഫീസിനോട് ചേർന്നുള്ള അനൗൺസ്മെൻറ് കേന്ദ്രത്തിന് വ്യക്തമായി മനസ്സിലാകുന്ന വിധം അനൗൺസ്മെന്റ് എന്ന ബോർഡ് വയ്ക്കും. പല കടകളിലും ഉദ്യോഗസ്ഥർ പരിശോധന നടത്തുമ്പോൾ വില വിവര പട്ടിക രേഖപ്പെടുത്തിയ ബോർഡ് കടയ്ക്കുള്ളിലാണ് കാണപ്പെടുന്നത്.

നാല് ഭാഷകളിലുള്ള വിലവിവരപ്പട്ടിക ബോർഡുകൾ തീർത്ഥാടകർക്ക് ദൃശ്യമാകുന്ന വിധം വയ്ക്കണമെന്ന് കട ഉടമകളോട് നിർദ്ദേശിച്ചിട്ടുണ്ട്. ടെൻഡർ എടുത്ത കടകളിൽ പലതും തീർത്ഥാടകർക്ക് സഞ്ചാരത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന വിധം പുറത്തേക്ക് വികസിപ്പിക്കുന്നത് കർശനമായി ദേവസ്വം ബോർഡ് തടയും. ദേവസ്വത്തിന്റെ കുത്തക പാട്ട ഓഫീസർ ഇക്കാര്യത്തിൽ പരിശോധന നടത്തും. അരവണ കൗണ്ടറിനടുത്തും അന്നദാന മണ്ഡപത്തിലേക്ക് ഉള്ള വഴിയിലും പ്ലാസ്റ്റിക് നിക്ഷേപിക്കുന്നത് നീക്കം ചെയ്യാൻ നടപടിയെടുക്കും.

സന്നിധാനത്തെ എഫ് എസ് ടി പി പ്ലാന്റിൽ നിലവിലുള്ള ജീവനക്കാരെ കൂടാതെ ദേവസ്വം മുൻകൈയെടുത്ത് 20 പേരെ അധികമായി നിയമിക്കും. ആവശ്യമെങ്കിൽ 10 വിശുദ്ധി സേനാംഗങ്ങളെ കൂടി നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. വരുന്ന മൂന്നു ദിവസത്തിനകം പ്ലാന്റിന്റെ പ്രവർത്തനങ്ങൾ പൂർണ സജ്ജമാകുമെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി. ദേവസ്വം ഹാളിൽ ചേർന്ന യോഗത്തിൽ ശബരിമല എ ഡി എം ദിലീപ് കൈനകര അധ്യക്ഷൻ ആയി .ശബരിമല സ്പെഷ്യൽ ഓഫീസർ ജെ. ജയദേവ്, എക്സിക്യൂട്ടീവ് ഓഫീസർ പി എസ് ശാന്തകുമാർ ,ഡ്യൂട്ടി മജിസ്ട്രേറ്റ് എം.ബിപിൻ കുമാർ തുടങ്ങിയവർ പങ്കെടുത്തു.

Additional Directional Signboards to Be Installed at Sannidhanam to Assist Pilgrims

Additional directional signboards will be installed at Sannidhanam, including along the route towards Pamba, to help pilgrims navigate the area more easily. The decision was taken at a meeting of officials held on Thursday.

The meeting identified congestion near the Appam and Aravana counters, where pilgrims were found moving in opposite directions through areas designated for one-way movement. It was decided to install appropriate directional signboards to regulate the movement of devotees. Clear notices will also be displayed at the counters to distinguish between Prasadam distribution and receipt collection.

The meeting further recommended displaying pilgrim awareness messages in multiple languages on the digital screens at Valiya Nada Panthal. A separate signboard identifying the announcement centre, located adjacent to the PRO office, will also be installed.

During inspections, officials noticed that several shops had placed their price lists inside their premises, making them inaccessible to public view. Shop owners have therefore been instructed to display price lists prominently in four languages for the convenience of pilgrims.

The Devaswom Board will strictly prevent shops, including those operating under tender agreements, from extending their premises into public pathways and obstructing pilgrim movement. The Devaswom Board Liaison Officer will conduct regular inspections to ensure compliance.

Measures will also be taken to remove accumulated plastic waste near the Aravana counters and along the pathway leading to the Annadana Mandapam.

To strengthen sanitation arrangements, the Devaswom Board will take steps to appoint 20 additional personnel at the FSTP plant at

Sannidhanam, in addition to the existing workforce. Instructions have also been issued to deploy 10 additional Vishuddhi Sena personnel, if required. Officials stated that the plant would become fully operational within the next three days.

The meeting, held at the Devaswom Hall, was chaired by Sabarimala Additional District Magistrate (ADM) Dilip K . Kainikkara. Sabarimala Special Officer J. Jayadev, Executive Officer P.S. Shanthakumar and Duty Magistrate M. Bipin Kumar were among those who attended.

सन्निधानम में और दिशा बताने वाले साइन लगाए जाएंगे

गुरुवार को अधिकारियों की एक मीटिंग में तीर्थयात्रियों की मदद के लिए सन्निधानम में और दिशा बताने वाले साइन लगाने का फैसला किया गया, जिसमें पंपा जाने वाला रास्ता भी शामिल है। ऐसी स्थिति होती है कि तीर्थयात्रियों की दोनों तरफ भीड़ होती है, जिससे उन्हें सिर्फ़ एक ही दिशा में जाना पड़ता है, उस एरिया में जहां अप्पम और अरवना काउंटर हैं। मीटिंग में सुझाव दिया गया है कि इस एरिया में एक दिशा बताने वाला साइन लगाया जाए। काउंटर पर प्रसाद और रसीद में फर्क करने के लिए नोटिस लगाए जाने चाहिए।

यह सुझाव दिया गया है कि बड़े नाडा पंडाल में डिजिटल डिस्प्ले पर अलग-अलग भाषाओं में जागरूकता संदेश दिए जाएं। PRO ऑफिस के पास अनाउंसमेंट सेंटर पर अनाउंसमेंट नाम का एक साफ-साफ समझ में आने वाला बोर्ड लगाया जाएगा। जब अधिकारी कई दुकानों की जांच करते हैं, तो दुकान के अंदर प्राइस लिस्ट वाला बोर्ड मिलता है।

दुकानदारों को निर्देश दिया गया है कि चार भाषाओं में मूल्य सूची के बोर्ड इस तरह लगाएं कि वे श्रद्धालुओं को स्पष्ट रूप से दिखाई दें। टेंडर लेने वाली कई दुकानें श्रद्धालुओं के आवागमन में बाधा डालते हुए बाहर की ओर फैल रही हैं, जिसे देवस्वम बोर्ड सख्ती से रोकेगा। देवस्वम के लाइसन अधिकारी इस संबंध में निरीक्षण करेंगे। अरवणा काउंटर के पास और अन्नदान मंडपम की ओर जाने वाले रास्ते में प्लास्टिक फेंकने की समस्या को हटाने के लिए कार्रवाई की जाएगी।

सन्निधानम में FSTP प्लांट में मौजूदा कर्मचारियों के अलावा, देवास्वोम 20 और लोगों को नियुक्त करने की पहल करेगा। अगर ज़रूरी हुआ, तो विशुद्धि सेना के 10 और सदस्यों को नियुक्त करने के निर्देश भी दिए गए हैं। अधिकारियों ने कहा कि प्लांट अगले तीन दिनों में पूरी तरह से चालू हो जाएगा। सबरीमाला ADM दिलीप के. कैनाकारा ने देवास्वोम हॉल में हुई मीटिंग की अध्यक्षता की। सबरीमाला के स्पेशल ऑफिसर जे. जयदेव, एग्जीक्यूटिव ऑफिसर पी. एस. शांताकुमार, ड्यूटी मजिस्ट्रेट एम. बिपिन कुमार और अन्य लोग शामिल हुए।